STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.78/PR/SPMC/PHQ/2022 Date:28.03.2022

## ഡി.ജി.പിയുടെ ഓൺലൈൻ അദാലത്ത്: ഇമെയിൽ ആയും പരാതി നൽകാം

പോലീസ് ഉദ്യോഗസ്ഥരുടെ പരാതികളിൽ പരിഹാരം കാണുന്നതിനായി സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് ഏപ്രിൽ 18, 29 തീയതികളിൽ നടത്തുന്ന ഓൺലൈൻ അദാലത്തിലേയ്ക്ക് ഇമെയിലായും പരാതി നൽകാം. spctalks.pol@kerala.gov.in എന്നതാണ് വിലാസം.

ഇടുക്കി, കണ്ണൂർ സിറ്റി, കണ്ണൂർ റൂറൽ എന്നിവിടങ്ങളിലെ പോലീസ് ഉദ്യോഗസ്ഥരുടെ പരാതികൾ ഏപ്രിൽ 18 നാണ് ഡി.ജി.പി പരിഗണിക്കുന്നത്. പരാതികൾ ഏപ്രിൽ മൂന്നിന് മുമ്പ് പോലീസ് ആസ്ഥാനത്ത് ലഭിക്കണം. കൊച്ചി സിറ്റി, എറണാകുളം റൂറൽ എന്നീ ജില്ലകളിലെ പരാതികൾ ഏപ്രിൽ 29 ന് പരിഗണിക്കും. പരാതികൾ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 11. പരാതിയിൽ മൊബൈൽ നമ്പർ ഉൾപ്പെടുത്തണം. ഹെൽപ്പ് ലൈൻ നമ്പർ: 9497900243.

SPC talks with cops എന്ന് നാമകരണം ചെയ്ത പരിപാടിയിൽ സർവ്വീസിൽ ഉള്ളതും വിരമിച്ചതുമായ പോലീസ് ഉദ്യോഗസ്ഥരുടെ സർവ്വീസ് സംബന്ധവും വ്യക്തിപരവുമായ പരാതികളാണ് പരിഗണിക്കുന്നത്. പോലീസ് ഉദ്യോഗസ്ഥരുടെ ജീവിതപങ്കാളിക്കും പരാതി നൽകാം.

*******************************